## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 226 12/03/2020-ൽ മറുപടിക്ക്

## കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക്

**ചോദ്യം**
ശ്രീ.ടി.വി.ഇബ്രാഹിം
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാജ്യത്ത് തൊഴിലില്ലായ്മ കഴിഞ്ഞ നാല്പത്തഞ്ചുവർഷത്തെ ഏറ്റവും മോശമായ അവസ്ഥയിലാണെന്ന ദേശീയ സാംപിൾ സർവെ ഓർഗനൈസേഷന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ആഘാതങ്ങൾ കേരളത്തിൽ എപ്രകാരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ National Statistical Office - ന്റെ Periodic Labour Force Statistics-2019 മേയ് മാസം പുറപ്പെടുവിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് അനുസരിച്ച് 2017-18 വർഷത്തെ കണക്ക് പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 6.1 ശതമാനമാണ്. കേരളത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം മറ്റു സംസ്ഥാനങ്ങളിലെക്കാൾ കൂടുതലാണെന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. ആയതു പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് വഴി നിരവധി പദ്ധതികൾ തൊഴിൽരഹിതർക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ശരണ്യ, കെസ്റ്റു, കൈവല്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ എന്നീ പേരുകളിൽ 4 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്ത് 35,000-ൽ അധികം ചെറുകിട സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് അനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതു വഴി സ്വകാര്യ മേഖലയിൽ തൊഴിൽ അവസരങ്ങൾ നേടി എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന |

| | | | |
|---|---|---|---|
| | | | "നിയുക്തി" മെഗാ ജോബ് ഫെയറുകൾ വഴി സ്വകാര്യ മേഖലയിലെയും നിരവധി തൊഴിൽ അവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡവലപ്പ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി എന്നിവ വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി നൽകി വരുന്നുണ്ട്. |
| (ബി) | നിലവിൽ കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് കണക്കാക്കിയിട്ടുണ്ടോ, ഇത് ദേശീയ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. 2017-18 വർഷത്തെ കണക്ക് പ്രകാരം കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് **11.4** ശതമാനമാണ്. കണക്കുകൾ പ്രകാരം കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയെക്കാൾ **5.3** ശതമാനം കൂടുതലായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക്, ദേശീയ തൊഴിൽ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ **(2020** ജനുവരി വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം **34,18,072** (മുപ്പത്തി നാല് ലക്ഷത്തി പതിനെട്ടായിരത്തി എഴുപത്തി രണ്ട്) ആണ്. **എന്നാൽ ഇതിൽ തൊഴിൽ നേടുന്നതിന് അർഹതയുള്ള 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ളവരുടെ എണ്ണം 29,75,814 (ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി പതിനാല്) ആണ്. ബാക്കിയുള്ള 4.42 ലക്ഷം പേർ ഏതെങ്കിലും തൊഴിൽ നേടുന്നതിന് യോഗ്യതയുള്ള പ്രായ പരിധിയിൽ ഉൾപ്പെടാത്തവരാണ് (18 വയസ്സിനു താഴെയും 50 വയസ്സിനു മുകളിലും പ്രായമുള്ളവർ)** മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം **10.1%** ആയി കുറഞ്ഞിട്ടുണ്ട് എന്ന് കാണുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വേണ്ട തൊഴിൽ ലഭ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായോ; വിശദമാക്കുമോ? | (സി) | കേരളത്തിന്റെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക തൊഴിൽ ലഭ്യമാക്കുന്നതിനുമായി വിവിധ പദ്ധതികൾ എംപ്ലോയ്മെന്റ് വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ചുള്ള എംപ്ലോയ-ബിലിറ്റി സെന്ററുകൾ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ, യൂണിവേഴ്സിറ്റികളോട് അനുബന്ധിച്ചുള്ള യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾ, മോഡൽ കരിയർ സെന്റർ, വിവിധ തരം സ്വയം തൊഴിൽ പദ്ധതികൾ, ജോബ് ഫെയറുകൾ, മത്സര പരീക്ഷാ പരിശീലനം എന്നിവ വഴി സർക്കാർ/സ്വകാര്യ മേഖലയിൽ തൊഴിലിന് പ്രാപ്തരാക്കുകയും, നൈപുണ്യ പരിശീലനം നൽകുന്നതു വഴി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകൾ നടത്തി വരുന്നു. പ്രസ്തുത സംരംഭം ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ